മാധ്യമം
06 November 2025

# സമുദ്രോൽപന്നം: മൂല്യവർധിത ഉൽപാദനത്തിന് ഊന്നൽ നൽകണം

കൊച്ചി: അമേരിക്ക അധികതീരുവ ഏർപ്പെടുത്തിയതിനെത്തുടർന്ന് സമുദ്രോൽപന്ന കയറ്റുമതിരംഗം കടുത്ത പ്രതിസന്ധിയിലാണെന്നും പരിഹാരമായി സമുദ്രോൽപന്ന മൂല്യവർധിത ഉൽപാദനത്തിന് ഊന്നൽ നൽകണമെന്നും വിദഗ്ധർ. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടക്കുന്ന നാലാമത് ആഗോള മറൈൻ സിംപോസിയത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വ്യവസായ സംഗമത്തിലാണ് നിർദേശം. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ജോ ഗ്രിൻസൺ ജോർജ്, ഡോ. എ.ജെ. തരകൻ, എം.പി.ഇ.ഡി.എ ഡയറക്ടർ ഡോ. റാം മോഹൻ, ജോയന്റ് ഡയറക്ടർ അനിൽകുമാർ, ഡോ. ജോ കെ. കിഴക്കൂടൻ തുടങ്ങിയവർ സംസാരിച്ചു.